# നീര: രണ്ടാംഘട്ട ലൈസൻസ് വിതരണം ഇന്ന്

കൊച്ചി: സംസ്ഥാനത്ത് നീര ഉത്പാദനത്തിനും, വിതരണത്തിനുമായി അനുവദിച്ച ലൈസൻസുകളുടെ രണ്ടാംഘട്ട വിതരണം ഇന്ന് മൂന്നിന് എറണാകുളം ഫൈൻ ആർട്സ് ഹാളിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിക്കും. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള '173 കേരോത്പാദക ഫെഡറേഷനുകൾക്ക്' ലൈസൻസ് അനുവദിച്ചുകൊണ്ട് ഏഴിന് എക്സൈസ് ഡിപ്പാർട്ട്മെന്റ് ഉത്തരവിറക്കിയതനുസരിച്ചാണ് രണ്ടാംഘട്ട ലൈസൻസ് വിതരണം നടത്തുന്നത്. ആദ്യ ലൈസൻസ് വിതരണം മാർച്ച് 2ന് കോട്ടയത്ത് മുഖ്യമന്ത്രി നിർവ്വഹിച്ചിരുന്നു. 108 കേരോത്പാദക ഫെഡറേഷനുകൾക്കാണ് രണ്ടാം ഘട്ടത്തിൽ ലൈസൻസ് വിതരണം ചെയ്യുക. ഫിഷറീസ് – തുറമുഖ – എക്സൈസ് വകുപ്പു മന്ത്രി. കെ. ബാബുവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ കൃഷി വകുപ്പു മന്ത്രി കെ. പി. മോഹനൻ നീര പ്രോസസ്സിംഗ് പ്ലാന്റുകൾക്കുള്ള നാളികേര ബോർഡ് ടെക്നോളജി മിഷൻ പദ്ധതിയനുസരിച്ചുള്ള സബ്സിഡി വിതരണം നടത്തും. നീരാധിഷ്ഠിത മൂല്യ വർദ്ധിത നാളികേര ഉത്പന്നങ്ങൾ പ്രൊഫ. കെ. വി. തോമസ് എം. പി. വിപണിയിലിറക്കും.

എക്സൈസ് കമ്മീഷണർ അനിൽ സേവ്യർ ഐ.എ.എസ്. , നാളികേര വികസന ബോർഡ് ചെയർമാൻ ടി. കെ. ജോസ് ഐ.എ.എസ്., പി. രാജീവ് എം. പി., എം.എൽ.എമാരായ ഹൈബി ഈഡൻ,

ഡൊമിനിക് പ്രസന്റേഷൻ, ലൂഡി ലൂയിസ്, ബെന്നി ബെഹന്നാൻ,, എസ്. ശർമ്മ, കൊച്ചി മേയർ ടോണി ചമ്മണി, ഡെപ്യൂട്ടി മേയർ ബി. ഭദ്ര, അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ സുബ്രതാ ബിശ്വാസ് ഐ.എ.എസ്., എസ്., ജോയിന്റ് എക്സൈസ് കമ്മീഷണർ ഡി. സന്തോഷ്, നീര കമ്മിറ്റി കർഷക പ്രതിനിധി ബാബു ജോസഫ്, കേരോല്പാദക കമ്പനികളുടെ കൺസോർഷ്യം ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ, ഹോർട്ടി കോർപ്പ് ചെയർമാൻ ലാൽ വർഗ്ഗീസ് കൽപകവാടി, എസ്.സി.എം.എസ്. ബയോ സയൻസ്, ബയോ ടെക്നോളജി ഗവേഷണവിഭാഗം ഡയറക്ടർ ഡോ. സി. മോഹൻകുമാർ, മുഖ്യ നാളികേര വികസന ഓഫീസർ സുഗതാ ഘോഷ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്ത് സംസാരിക്കും.

112 വർഷങ്ങളായി അബ്കാരി നിയമത്തിലുണ്ടായ തടസ്സങ്ങൾ നീക്കം ചെയ്താണ് നീരയും നീരയുടെ മൂല്യ വർദ്ധിത ഉൽപന്നങ്ങളും നാളികേര വികസന ബോർഡ് മുൻകൈ എടുത്ത് വിപണിയിലെത്തിച്ചത്. നീരയ്ക്കും നീരയുടെ മൂല്യ വർദ്ധിത ഉൽപന്നങ്ങൾക്കും വിപണിയിൽ വൻ ഡിമാന്റാണുള്ളത്. ഒട്ടും തന്നെ മദ്യാംശം കലർന്നിട്ടില്ലാത്ത ആരോഗ്യപാനീയമായ നീരയിൽ നിന്ന് ലഭിക്കുന്ന പ്രാഥമിക ഉല്പന്നങ്ങളാണ് ശർക്കര, ചക്കര പാനി, നീര പഞ്ചസാര എന്നിവ. സാധാരണ പഞ്ചസാര ഉപയോഗിച്ച് ബേക്കറിയിലുണ്ടാക്കുന്ന ഏതു പലഹാരവും നീരയുടെ പ്രാഥമിക ഉല്പന്നങ്ങളുപയോഗിച്ചുണ്ടാക്കാം. 26 ൽ പരം മധുര പലഹാരങ്ങളാണ് ബോർഡ് വാഴക്കുളത്തുള്ള സി.ഐ.ടിയിൽ വിജയകരമായി ഉല്പാദിപ്പിച്ച് വിപണിയിലെത്തിച്ചിട്ടുള്ളത്. ഇവയിൽ ചിലതാണ് നീര ചോക്ലേറ്റ്, നീര കുക്കീസ്, നീര ഫ്രൂട്ട് ജാം, ബർഫി, ഹൽവ, ലഡു, ജാം, പുഡ്ഡിംഗ്, പേഡ, ഗുലാബ് ജാമുൻ, നീര ട്യൂട്ടി ഫ്രൂട്ടി എന്നിവ. കേരോത്പാദക കൂട്ടായ്മകൾ തെരഞ്ഞെടുത്ത് അയയ്ക്കുന്നവർക്കാണ് നീരയുടെ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിന് പരിശീലനം നൽകുന്നത്. രക്തത്തിലേയ്ക്ക് ആഗിരണം ചെയ്യുന്ന പഞ്ചസാരയുടെ അളവ് 35 മാത്രമായതിനാൽ പ്രമേഹരോഗികൾക്ക് സംശയലേശമെന്യേ ഭക്ഷണചര്യയിൽ ഉൾപ്പെടുത്താവുന്നതാണ്.

എറണാകുളം ജില്ലയിലെ തിരുക്കൊച്ചി കമ്പനി ക്രിസ്തുമസ് നവവത്സര വേളയിൽ നീര പാനി ഉപയോഗിച്ചുണ്ടാക്കിയ കേക്കിന് വിപണിയിൽ വൻ ഡിമാന്റ് ഉണ്ടായിരുന്നു. തിരുക്കൊച്ചി കമ്പനിയും കൈപ്പുഴ കമ്പനിയും നീര സംസ്ക്കരിച്ച് ആകർഷകങ്ങളായ ബോട്ടിലുകളിലാക്കി വിപണിയിൽ എത്തിച്ചു വരുന്നു.

ദിവസം 1200 ലിറ്റർ നീര കൈപ്പുഴ കമ്പനിയുടെ മേൽനോട്ടത്തിൽ ടാപ്പ് ചെയ്യുന്നുണ്ട്. കരുനാഗപ്പള്ളിയിൽ നിന്നും കൊല്ലത്തും നീര പാർലറുകൾ ഈയിടെ ആരംഭിച്ചിരുന്നു. ഇതോടൊപ്പം മറ്റ് മൂല്യവർദ്ധിത ഉൽപന്നങ്ങളായ നീര ജാഗറി, സിറപ്പ്, നീര കേക്ക്, മിഠായി എന്നിവയും പുറത്തിറക്കിയിട്ടുണ്ട്. പാലക്കാട് കമ്പനി 10 കിയോസ്കുകളിലൂടെ ഒരു ദിവസം ഏകദേശം 150 ലിറ്റർ നീര വരെ വിപണിയിൽ എത്തിക്കുന്നു. ഫെഡറേഷനുകളുടെ അപ്പെക്സ് ബോഡിയായ കേരോത്പാദക കമ്പനികൾ മൂല്യവർദ്ധിത ഉൽപന്നങ്ങളായ ചിപ്സ്, പഞ്ചസാര, ഹണി എന്നിവ നിർമ്മിച്ച് വിപണിയിൽ എത്തിക്കുന്നു. നീരയിലൂടെ കർഷകർക്ക് തെങ്ങിൽ നിന്നും പരമാവധി വരുമാനം ലഭിക്കാൻ സാധ്യതയാണ് ഒരുങ്ങുന്നത്. പ്രതിദിനം ഒരു ലിറ്റർ നീര ലഭിച്ചാൽ കർഷകന് ലഭിക്കുന്ന പ്രതിമാസ വരുമാനം 1500 രൂപയാണ്.

## ശമായി

